**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പട്ടാമ്പി ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ ഇരുവശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, തൂതപ്പുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ താലൂക്കിലെ മൂർക്കനാട് വില്ലേജിൽ റോഡ് വിതി കൂട്ടുന്നതിന് 32 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ പട്ടാമ്പി താലൂക്കിലെ തിരുവേഗപ്പുറ വില്ലേജിൽ വലതുകരയിൽ റോഡിന്റെ അലൈൻമെന്റിന് 36 സെറ്റ് ഭൂമി വേണം. 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 07/04/2022-ലെ ജി.ഒ (ആർ.ടി) 1609/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, തൂതപ്പുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ താലൂക്കിലെ മൂർക്കനാട് വില്ലേജിൽ റോഡ് വിതി കൂട്ടുന്നതിന് 32 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ പട്ടാമ്പി താലൂക്കിലെ തിരുവേഗപ്പുറ വില്ലേജിൽ വലതുകരയിൽ റോഡിന്റെ അലൈൻമെന്റിന് 36 സെറ്റ് ഭൂമി വേണം. 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 07/04/2022-ലെ ജി.ഒ (ആർ.ടി) 1609/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ